**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2339** **21-06-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതിയുടെ പ്രത്യേകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കെ-സ്മാർട്ട് പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | **സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2024 ജനുവരി 1 മുതൽ കെ-സ്മാർട്ട് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ കെ-സ്മാർട്ട് വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ വിശദമാക്കുമോ; പദ്ധതി ഏതെല്ലാം രീതിയിലാണ് ഗുണകരമാകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കെ-സ്മാർട്ട് പദ്ധതി പ്രകാരം Building Permit -13, Civil Registration-121, File Module-81, License Module-6, Property Tax Module -15, Public Greivence Module-64 എന്നിങ്ങനെ 6 മൊഡ്യൂളുകളിലായി ആകെ 300 സർവീസുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ കെ-സ്മാർട്ട് ജി.ഐ.എസ് Know Your Land - മൊബൈൽ ആപ്പിലൂടെ ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്നും, പ്രസ്തുത സ്ഥലം CRZ, Master Plans, Airport Zone, Railway Land, Landslide Zone, High Tide Line area തുടങ്ങി വിവിധ സർക്കാർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന സ്ഥലപരമ നിയന്ത്രണങ്ങളുടെ മാപ്പുകളും വിശദാംശങ്ങളും ലളിതമായി പരിശോധിക്കുവാൻ കഴിയും. ഇതോടൊപ്പം Low risk ക്യാറ്റഗറിയിൽ പെടുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് വേഗത്തിൽ നൽകുന്നതിനും, വധു വരന്മാർ നേരിട്ട് ഹാജരാകാതെ വീഡിയോ KYC മുഖേന വിവാഹ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനും കെ-സ്മാർട്ട് മുഖേന സാധിക്കുന്നതാണ്. കൂടാതെ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനാവശ്യമായ ടൂളുകൾ സംയോജിപ്പിച്ച് EDCR Rule Engine സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഈ മൂന്ന സവിശേഷതകളും ഇന്ത്യയിൽ ആദ്യമായാണ് നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ